**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1671** **13-02-2025 - ൽ മറുപടിയ്ക്ക്**

**കോടഞ്ചേരി ഗവ. കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോടഞ്ചേരി ഗവ. കോളേജിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി എസ്.പി.വി യുടെ നിർദ്ദേശങ്ങൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കോടഞ്ചേരി സർക്കാർ കോളേജിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന നിർദിഷ്ട അടിസ്ഥാന സൗകര്യവികസന പ്രവൃത്തികളിൽ അക്കാദമിക് ബ്ലോക്ക് പ്രിൻസിപ്പൽ ക്വാർട്ടേഴ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ അവലോകനം 22.07.2024-ൽ കോളേജിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുതയോഗത്തിൽ നിർദിഷ്ട അക്കാദമിക് ബ്ലോക്കിന്റെ സ്ഥാനം സ്ഥല പരിമിതി പരിഗണിച്ച് ക്യാമ്പസിൽ ബയോഡൈവേഴ്സിറ്റി ഏരിയ ആയി മാർക്കു ചെയ്ത സ്ഥലത്തേക്ക് മാറ്റി പരിഗണിക്കണമെന്ന് നിർദ്ദേശിച്ചതിൻപ്രകാരം ആയതിനുള്ള വിശദമായ റിപ്പോർട്ട് ഈ പ്രവൃത്തിയുടെ SPV ആയ KSITIL 29.07.2024 ൽ കിഫ്ബിയിൽ സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നേരത്തേ ഭരണാനുമതി ലഭിച്ച തുകയിൽ അധികം വരാതെ പുതുക്കിയ രൂപരേഖ എസ്റ്റിമേറ്റ് ഉൾപ്പെടെ സമർപ്പിക്കുവാൻ SPV ക്ക് 09.09.2024 ൽ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി ആയ KSITIL സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ